സി.ജി(1)41026/09 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 31.8.2009

# സർക്കുലർ നമ്പർ 46/2009

വിഷയം: സ്വർണ്ണപ്പണയ വായ്പാ പദ്ധതി – പണയ ഉരുപ്പടി തൂക്കം, പരിശുദ്ധി-ഹ്രസ്വകാല കാർഷിക സ്വർണ്ണപ്പണയ വായ്പാ ദുരുപയോഗം തടയൽ – ഉറപ്പാക്കുന്നത് – മാർഗ്ഗ നിർദ്ദേശം – സംബന്ധിച്ച്

സൂചന:
(1) സഹകരണ സംഘം രജിസ്ട്രാറുടെ 6.11.2003 ലെ 58/03 നം.സർക്കുലർ
(2) സഹകരണ സംഘം രജിസ്ട്രാറുടെ 28.2.08 ലെ 14/2008 നം.സർക്കുലർ
(3) സഹകരണ സംഘം രജിസ്ട്രാറുടെ 25.8.2008 ലെ 61(എ)/08 നം.സർക്കുലർ
(4) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.7.09 ന് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം

സ്വർണ്ണപ്പണയ വായ്പാ പദ്ധതി നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ സ്വർണ്ണത്തിന്റെ ഗുണ നിലവാരവും തൂക്കവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരവും, സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ബാങ്കുകൾ സ്വർണ്ണത്തിന്റെ ഈടിന്മേൽ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സൂചന 2 പ്രകാരവും, കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് സൂചന 3 പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വർണ്ണപ്പണയ വായ്പകൾ കാര്യമായ തോതിൽ വിതരണം ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സൂചന 4 പ്രകാരം കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചർച്ചചെയ്യുകയും സ്വർണ്ണപ്പണയ വായ്പ വിതരണം ചെയ്യുമ്പോൾ ഈടായി സ്വീകരിക്കുന്നത് യഥാർത്ഥ സ്വർണ്ണമാണെന്നും അതിന്റെ പരിശുദ്ധി, തൂക്കം ഇവ ഉറപ്പാക്കണമെന്നും കൂടാതെ സ്വർണ്ണത്തിന്റെ ഈടിന്മേൽ കുറഞ്ഞ പലിശക്ക് കാർഷിക വായ്പ വാങ്ങി ടി വായ്പ തുക അതേ ബാങ്കിൽ തന്നെ കൂടിയ പലിശ നിരക്കിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിക്കുന്ന പ്രവണത ഒരു കാരണവശാലും അനുവദിക്കരുതെന്നും ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ സ്വർണ്ണപ്പണയ വായ്പ സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾക്കൊപ്പം ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം കൂടി പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വർണ്ണപ്പണയ വായ്പ വിതരണം ചെയ്യുമ്പോൾ ഈടായി സ്വീകരിക്കുന്ന ഉരുപ്പടികൾ യഥാർത്ഥ സ്വർണ്ണമാണെന്നും, അതിന്റെ പരിശുദ്ധിയും തൂക്കവും ഉറപ്പാക്കണമെന്നും, വായ്പകണക്ക് അവസാനിപ്പിച്ച് പണയ ഉരുപ്പടികൾ

തിരികെ നൽകുമ്പോൾ പണയം വച്ച ഉരുപ്പടികൾ തന്നെയാണ് തിരികെ നൽകുന്നതെന്നും സംഘങ്ങൾ/ബാങ്കുകൾ ഉറപ്പാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും സ്വർണ്ണത്തിന്റെ ഈടിന്മേൽ കുറഞ്ഞ പലിശക്ക് കാർഷിക വായ്പ വാങ്ങി വായ്പ തുക അതേ ബാങ്കിൽ തന്നെയോ മറ്റ് ബാങ്കുകളിലോ കൂടിയ പലിശ നിരക്കിൽ സ്ഥിരനിക്ഷേപമായി നിക്ഷേപിക്കുന്ന പ്രവണത ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല. ആയത് ശ്രദ്ധയിൽപ്പെട്ടാലോ കാർഷിക വായ്പയുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാലോ പ്രസ്തുത വായ്പയ്ക്ക് കാർഷികേതര വായ്പയുടെ പലിശ നിരക്ക് ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. മാത്രവുമല്ല കാർഷിക വായ്പ യഥാർത്ഥ ആവശ്യത്തിനു തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും നടപ്പിലാക്കുന്നതിനും സംഘം/ബാങ്ക് ഭരണസമിതി തന്നെ അതാതു തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഉറപ്പുവരുത്തേണ്ടതുമാണ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ തങ്ങളുടെ അധികാര നിയന്ത്രണത്തിലുള്ള ജില്ലയിലെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന പരിശോധന നടത്തേണ്ടതും സർക്കുലർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഒപ്പ്
റാണിജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
5. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) എല്ലാ ജില്ലകളും
6. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ (സംസ്ഥാന സഹകരണ ബാങ്ക്/എല്ലാ ജില്ലാ സഹകരണ ബാങ്കുകളും/സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
11. സഹകരണ സംഘം രജിസ്ട്രാറുടെ മേൾപ്പുറത്ത്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ട്മാർക്കും
13. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)